

# രക്തസാക്ഷിത്വം കൊതിച്ച പിതാവ്

സഈദ് മുത്തനൂർ

‘നാഥാ, എന്നെ നീ എന്റെ കുടുംബത്തിലേക്ക് തന്നെ മടക്കരുതേ.’ ഉഹ്ദ് യുദ്ധത്തിന് ഒരുങ്ങി പുറപ്പെടവെ ഹിന്ദിന്റെ ഭർത്താവ് അംറബ്നു ജുമൂഹ് പ്രാർത്ഥിച്ചു. അംറ് മുടന്തുള്ള ആളായിരുന്നു. ഇത്തരം ആളുകൾക്ക് യുദ്ധം നിർബന്ധമില്ല.

‘കുരുടൻ, മുടന്തൻ, രോഗികൾ എന്നിവർ യുദ്ധത്തിന് പുറപ്പെടാത്തതിൽ കുറ്റമില്ല.’ (അൽഫത്ഹ്:17)

അതുകൊണ്ട് അംറ് ഇതുവരെ ഒരു സൈനികനീക്കത്തിലും പങ്കെടുത്തിട്ടില്ല. എങ്കിലും തന്റെ നാലുമക്കളെയും യുദ്ധമുന്നണിയിലേക്ക് അദ്ദേഹം പറഞ്ഞയച്ചിട്ടുണ്ട്. പക്ഷേ ഇപ്പോൾ അംറബ്നു ജുമൂഹ് യുദ്ധത്തിന് പടച്ചട്ടയണിഞ്ഞ് തയ്യാറായി നിൽക്കുകയാണ്. മക്കളും മിത്രങ്ങളും അദ്ദേഹത്തെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ആവത് ശ്രമിച്ചു. അവർ പറഞ്ഞു നോക്കി: ‘താങ്കൾ നിയമപരമായിതന്നെ യുദ്ധത്തിന് പോകേണ്ടതില്ല. പിന്നെയാണെങ്കിൽ താങ്കളുടെ നാലുമക്കൾ തിരുനബിയൊടൊപ്പം യുദ്ധത്തിന് പുറപ്പെടുന്നുമുണ്ട്.’

‘അല്ലാഹുവിന്റെ കടാക്ഷവും കണക്കില്ലാത്ത പ്രതിഫലവും പ്രതീക്ഷിച്ചാണ് എന്റെ മക്കൾ യുദ്ധത്തിന് വന്നത്. ആ പുണ്യവും പ്രതിഫലവുമാണ് എന്റെയും അഭിലാഷം. മക്കൾ രക്തസാക്ഷിത്വം വരിച്ച് സ്വർഗീയാരാമങ്ങളിൽ എത്തുമ്പോൾ ഞാൻ വീട്ടിൽ ചടഞ്ഞിരിക്കുക. ഇതോർക്കുമ്പോൾ വല്ലാത്ത വല്ലായ്മ. എനിക്ക് രണാങ്കണത്തിലേക്ക് പോയേ പറ്റൂ.’ അംറിന്റെ തീരുമാനം ഉറച്ചതായിരുന്നു.

അദ്ദേഹം തിരുസന്നിധിയിലെത്തി. ‘യാറസൂലല്ലാ... ഈ വൈകല്യാവസ്ഥയിൽ ഞാൻ യുദ്ധത്തിൽ പങ്കെടുക്കേണ്ടതില്ലഎന്നറിയാം. എങ്കിലും എനിക്ക് യുദ്ധമുന്നണിയിലേക്ക് പോകണം.’ അംറ് തിരുദൂതരോട് അഭ്യർത്ഥിച്ചു.

‘അദ്ദേഹത്തെ തടയരുത്. പോകാൻ അനുവദിക്കുക. രക്തസാക്ഷിത്വം അഭിലാഷമായി കൊണ്ടു നടക്കുകയാണദ്ദേഹം. ഒരുപക്ഷേ പടച്ചവന്റെ തീരുമാനം അതാണെങ്കിലോ?’ നബിതിരുമേനി ദീർഘദർശനം ചെയ്തു.

അങ്ങനെ ഉഹ്ദ്യുദ്ധത്തിൽ ഏറെ ശ്രദ്ധേയനായ വ്യക്തിയായി ഇബ്നുജുമൂഹ് മാറി. മുടന്ത് അവഗണിച്ച് യുദ്ധമുന്നണിയിൽ അദ്ദേഹം നിലയുറപ്പിച്ചു. ‘എനിക്ക് രക്തസാക്ഷിത്വം വരിക്കണം. എനിക്ക് രക്തസാക്ഷിയാവണം.’ അദ്ദേഹം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. മകൻ ഖല്ലാദ് പിതാവിന്റെ തൊട്ടുപിന്നിൽ തന്നെയുണ്ടായിരുന്നു. ഇരുവരും ധീരമായി പൊരുതിക്കൊണ്ടിരുന്നു. ഒടുവിൽ പിതാവിന്റെയും പുത്രന്റെയും അഭിലാഷം പോലെ രക്തസാക്ഷിത്വത്തിന്റെ ഉന്നത സോപാനത്തിലേക്ക് അവരുടെ ആത്മാക്കൾ പറന്നുയർന്നു.

യുദ്ധം അവസാനിച്ചപ്പോൾ യുദ്ധാനന്തര സ്ഥിതിഗതികളറിയാൻ മദീനയിൽ നിന്ന് ഒട്ടേറെ സ്ത്രീകൾ ഓടിയെത്തി. നബിതിരുമേനിയുടെ പത്നി ആഇശ(റ)യും വിവരമന്വേഷിച്ചെത്തിയവരിലുണ്ടായിരുന്നു. ഹസ്രത്ത് ആഇശ തന്റെ വീട്ടിൽ നിന്ന് കുറച്ചകലെ എത്തിയതേയുള്ളൂ. അപ്പോൾ അംറുബ്നു ജുമൂഹിന്റെ പത്നി ഹിന്ദ് മൂന്നു മൃതദേഹങ്ങൾ വഹിച്ചുകൊണ്ട് ഒരൊട്ടകപ്പുറത്ത് വരുന്നത് ആഇശ (റ) കണ്ടു. ‘എന്തുണ്ട് വിശേഷങ്ങൾ?’ ആഇശ ബീവി ഹിന്ദിനോട് ചോദിച്ചു.

‘അല്ലാഹുവിന് സ്തുതി. ദൈവദൂതന് ഒന്നും സംഭവിച്ചിട്ടില്ല.’ ഹിന്ദ് പറഞ്ഞു.

‘ഇത് ആരെല്ലാമാണ്?’ ഒട്ടകപ്പുറത്തെ രക്തസാക്ഷികളെ നോക്കിആഇശ (റ) ചോദിച്ചു.

‘ഇതിൽ ഒരാൾ എന്റെ പ്രിയസഹോദരൻ, രണ്ടാമത്തേത് എന്റെ ഓമനപുത്രൻ, മൂന്നാമത്തേത് എന്റെ പ്രിയതമൻ അംറ്.’ ഹിന്ദിന്റെ മറുപടി.

‘ഇവരെയുമായി നിങ്ങൾ എങ്ങോട്ട് പോകുന്നു.’

‘ഇവരെ മദീനയിൽ ഖബറടക്കാനായി കൊണ്ടുപോവുകയാണ്.’

ഇത്രയും പറഞ്ഞു ഹിന്ദ് ഒട്ടകത്തെ മദീനക്ക് നേരെ നയിക്കാനൊരുങ്ങി. എന്നാൽ അത് വളരെ മടിച്ചുമടിച്ചാണ് നടക്കുന്നത്. അവസാനം ഒട്ടകത്തിന്റെ മട്ടുമാറി. അത് നിലത്ത് മുട്ടുകുത്തി. ഈ രംഗം കണ്ട് ഹസ്രത്ത് ആഇശ പറഞ്ഞു:

‘ഒട്ടകത്തിന് ഒരുപക്ഷേ ഭാരക്കൂടുതലുണ്ടാവും. അതാവും മടികാണിക്കാൻ കാരണം.’

‘ഇല്ല, ഞങ്ങളുടെ ഒട്ടകത്തിന് ഭാരം ഒരു പ്രശ്നമേയല്ല. രണ്ട് ഒട്ടകങ്ങൾക്ക് വഹിക്കാവുന്നത് അത് ചുമക്കാറുണ്ട്. മറ്റെന്തെങ്കിലും കാരണം കാണും.’

ഇത്രയും പറഞ്ഞ് ഹിന്ദ് വീണ്ടും ഒട്ടകത്തെ മദീനക്ക് നേരം തെളിച്ചു. എന്നാൽ അത് മുന്നോട്ടു നീങ്ങാൻ കൂട്ടാക്കിയില്ല. അതേസമയം അതിനെ തിരിച്ച് ഉഹ്ദിന്റെ നേരെ നയിച്ചപ്പോൾ അതിവേഗത്തിൽ നടത്തം തുടങ്ങി. പെട്ടെന്ന് തന്നെ മൂന്ന് മൃതദേഹങ്ങൾ വഹിച്ച് ഹിന്ദ് ഒട്ടകപ്പുറത്ത് ഉഹ്ദ്യുദ്ധഭൂമിയിലെത്തിച്ചേരുകയും ചെയ്തു.

ഹിന്ദ് നബി തിരുമേനിയുടെ അടുക്കലെത്തി സംഭവങ്ങളെല്ലാം വിവരിച്ചു. തുടർന്ന് കൂട്ടിച്ചേർത്തു: ‘യുദ്ധത്തിന് പുറപ്പെടുമ്പോൾ എന്റെ പ്രിയപ്പെട്ട ഭർത്താവ്, നാഥാ നീ എന്നെ എന്റെ കുടുംബത്തിലേക്ക് തന്നെ മടക്കരുതേയെന്ന് പ്രാർത്ഥിച്ചിരുന്നു.’



സച്ചരിതം

എല്ലാം കേട്ടുകഴിഞ്ഞശേഷം പ്രവാചകൻ പറഞ്ഞു: ‘ഈ ധീരരക്തസാക്ഷിയുടെ പ്രാർത്ഥന അല്ലാഹു കേട്ടിരിക്കുന്നു. ഇവരെ മദീനയിലേക്ക് കൊണ്ടുപോകുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവിനോട് ഒരു കാര്യം ശപഥം ചെയ്ത് ചോദിച്ചുവാങ്ങിയവൻ അംറ്ബ്നു ജുമൂഹ് അല്ലാതെ അൻസാരികളിൽ ആരെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ?’

പിന്നീട് മൂന്ന് രക്തസാക്ഷികളെയും തിരുനബിയുടെ സാന്നിധ്യത്തിൽ ഉഹ്ദിൽ ഖബറക്കി. നബിതിരുമേനി ഹിന്ദിനെ സാന്ത്വനപ്പെടുത്തി: ‘ഈ മൂന്ന് വ്യക്തികളും സ്വർഗീയലോകത്ത് ഒരുമിച്ച് എഴുന്നേൽപ്പിക്കപ്പെടും.’

‘റസൂലേ എന്റെ പേരിലും പ്രാർത്ഥിക്കുക. ഞാനും അവരോടൊപ്പം സ്വർഗലോകത്ത് എത്തിച്ചേരാൻ കൊതിക്കുന്നു.’ ഹിന്ദ് അഭ്യർത്ഥിച്ചു.